**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **07-10-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ഡോ. എം.കെ . മുനീർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രണ്ടരലക്ഷം ഹെക്ടറോളം സർക്കാർ ഭൂമി ഹാരിസൺ മലയാളം ഉൾപ്പെടെയുള്ളവർ കൈവശം വെച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സ്വാതന്ത്ര്യത്തിന് മുൻപ് തിരുവിതാംകൂർ, കൊച്ചി ഭരണാധികാരികൾ വിദേശ കമ്പനികൾക്കും പൗരൻമാർക്കും, തദ്ദേശീയർക്കും കർശന വ്യവസ്ഥകളോടെ പാട്ടമായും, ഗ്രാന്റായും നൽകിയ ഭൂമിയിലും, സ്വകാര്യ പാട്ട ഭൂമിയിലും ഉടമസ്ഥത സ്ഥാപിക്കാതെ 1984 ൽ നിലവിൽ വന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി 1985 - 2005 കാലയളവിൽ ആയിരക്കണക്കിനേക്കർ ഭൂമി വിൽപ്പന നടത്തിയതിനെതുടർന്ന് സർക്കാർ നിയമിച്ച ഉന്നതാധികാര സമിതി നടത്തിയ അന്വേഷണത്തിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി ടി കമ്പനി 76,769.80 ഏക്കർ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു. ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ സംസ്ഥാനത്ത് കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഈ നിയമത്തിലെ സെക്ഷൻ 15 ൽ അനുശാസിക്കുന്ന കളക്ടറുടെ അധികാരങ്ങൾ നൽകി സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസറെ 25.4.2013 ലെ ജി.ഒ (എം.എസ്സ്) 161/2013/ ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിയമിക്കുകയുണ്ടായി(അനുബന്ധം-1). ബഹു. സംസ്ഥാന മനുഷ്യാവകാശകമ്മീഷന്റെ ശുപാർശ പ്രകാരം സ്വാതന്ത്ര്യത്തിന് മുൻപ് ബ്രിട്ടീഷ് കമ്പനികളും വ്യക്തികളും കൈവശം വച്ചിരുന്ന ഭൂമി കണ്ടെത്തുന്നതിനും നിലവിൽ അത്തരം ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം ഉടമസ്ഥത അനുവദിച്ചുനൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് നിയമപ്രകാരം ഉടമസ്ഥത കൈമാറിയിട്ടില്ലാത്ത എല്ലാ ഭൂമിയും സർക്കാരിലേക്ക് |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനുമായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ട് 30.12.2015 ൽ സ.ഉ (കൈ)703/2015/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു(അനുബന്ധം-2). ആയതിൻ പ്രകാരം സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ഇത്തരത്തിൽ 3 ലക്ഷത്തിലധികം ഏക്കർ തോട്ടം ഭൂമി സംസ്ഥാനത്ത് വിവിധ കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു. |
| (ബി) | എങ്കിൽ ഇവ തിരിച്ചുപിടിക്കുന്നതിന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (ബി) | ഉണ്ട്. കോട്ടയം, കൊല്ലം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന 29426.5 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥത (Title) സ്ഥാപിച്ചുകിട്ടുന്നതിനായി സിവിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്(അനുബന്ധം-3 ). |
| (സി) | സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ഹാരിസൺസ് മലയാളം ലിമിറ്റഡുംഅവരിൽ നിന്നും ഭൂമി നേടിയവരും സമാനമായ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് KLC ആക്റ്റ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ബഹു.ഹൈക്കോടതിയിൽ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. 11.04.2018 ൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച WP(C)33122/2014 & Ors കേസുകളിലെ വിധിന്യായത്തിൽ കെ.എൽ.സി ആക്റ്റ് പ്രകാരം സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴുപ്പിക്കുന്നതിനായി നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിനുള്ള "ജൂറിസ്ഡിക്ഷൻ"ഇല്ല എന്ന് നിരീക്ഷിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസ് ഫയൽചെയ്യാമെന്നും വിധിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകൾ വിശദമായ വാദം കേൾക്കാതെ തന്നെ ബഹു. സുപ്രീംകോടതി തള്ളുകയുണ്ടായി. തുടർന്ന് , ഹാരിസൺസ് മലയാളം ലിമിറ്റഡോ |

| | | | |
|---|---|---|---|
| | | | അവരിൽ നിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു വിദേശ കമ്പനികളോ വ്യക്തികളോ കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിനും അതിന് അവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 06.06.2019 ൽ സ.ഉ (കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി (അനുബന്ധം-4). ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന 29426.5 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥത (Title) സ്ഥാപിച്ചുകിട്ടുന്നതിനായി സിവിൽ കേസുകൾ നിലവിൽ  ഫയൽ ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിലും അത്തരം കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

02 MAY 2013
DIRECTOR OF SURVEY AND LAND RECORDS
THIRUVANANTHAPURAM-14

GOVERNMENT OF KERALA
Abstract

Revenue Department – Appointment of Sri. M.G. Rajamanickam, IAS, Director, Survey & Land Records as Special Officer for resuming the Government lands from M/s Harrisons Malayalam Ltd. (HML) - Orders issued.

Revenue (A) Department

G.O.(Ms) No. 161/2013/RD Dated, Thiruvananthapuram, 25/04/2013

Read :- 1. Judgement dtd. 28.02.2013 in WP(C) No: 14251/12 & 213/2013.
2. Minutes of the meeting held on 06.03.2013.
3. Lr. No. LRJ1/37712/09 dtd. 09.04.2013 from Land Revenue Commissioner, Thiruvananthapuram.

# ORDER

The Hon'ble High Court in its judgement read as 1st paper ordered that if the competent authority or authorities in the state administration as are authorized in terms of the provisions of the Land Conservancy Act, decide to initiate action against any of the properties in the possession M/s Harrisons Malayalam Ltd. (HML) or any of its transferees or persons in occupation they may do so strictly in accordance with law.

In view of the judgement a meeting under the chairmanship of Hon'ble Minister (Revenue & Coir) was held on 06.03.2013. In the meeting it was decided to appoint a special officer for resuming the land from M/s Harrisons Malayalam Ltd. (HML). The Land Revenue Commissioner, Thiruvananthapuram, vide letter read as 3rd paper, suggested a name of an IAS Officer to entrust the task of resuming the land from M/s Harrisons Malayalam Ltd. (HML).

Government have examined the matter in detail and are pleased to appoint Sri. M.G. Rajamanickam, IAS, Director, Survey & Land Records as Special Officer, in exercise of the powers conferred by section 15 of the Kerala Land Conservancy Act 1957 (Act 8 of 1958) to exercise all the powers conferred on a Collector under the said Act, in addition to his normal duties except the power of hearing appeals under section 16 of the Act in respect of lands held by M/s Harrisons Malayalam Ltd. (HML).

(By Order of the Governor)
G.Kamalavardhana Rao
Secretary to Government

To

The Commissioner, Land Revenue, Thiruvananthapuram.
Sri. M.G. Rajamanickam, IAS, Director, Survey & Land Records, Thiruvananthapuram.
The Director, Survey & Land Records, Thiruvananthapuram.
The Advocate General, Ernakulam.
The Accountant General (A & E/Audit), Kerala, Thiruvananthapuram.
Smt. Susheela R Bhatt, Spl. Government Pleader (Revenue), O/o. Advocate General, Ernakulam.
The Joint Commissioner (LA) & Special Officer, O/o. Land Revenue Commissioner, Thiruvananthapuram.
The Assistant Commissioner (LA) & Special Officer, O/o. Land Revenue Commissioner, Thiruvananthapuram.
All District Collectors.
The General Administration (Special-A) Department.
Information & Public Relations (Web & New Media) Department.
Stock File /Office Copy

Forwarded/ by Order

Section Officer

Scanned by CamScanner

**GOVERNMENT OF KERALA**

Abstract

Appointment of Sri.M.G.Rajamanickam, IAS, Special Officer & Collector, Government Land Resumption as Special Officer for resuming the Government land under the illegal possession of Travancore Rubber & Tea Company and all other associate companies – Orders issued.

================================================================

**REVENUE (A) DEPARTMENT**

**G.O.(Ms) No.703/2015/RD** **Dated, Thiruvananthapuram, 30/12/2015**

================================================================

Read :- 1. G.O(Ms)No.161/2013/RD dated 25.04.2013.

2. Order of the Hon'ble State Human Rights Commission dated 04.06.2015 in HRMP No.5140/2007, 1054/2008 and 1388/2014.
3. Order of the Hon'ble State Human Rights Commission dated 07.09.2015 in HRMP No.4780/2015
4. Letter No.C11-28151/2011 dated 23.07.2015 from District Collector, Idukki.

ORDER

As per Government Order read as 1st paper above, Sri.M.G.Rajamanickam, IAS was appointed as Special Officer for resuming the Government lands from M/s.Harrisons Malayalam Limited.

2) After examining the complaint against M/s.Travancore Rubber & Tea company and investigation report of Sri.Sreejith, Inspector General of Police, the Kerala State Human Rights Commission as per Order read as 3rd paper above has recommended as follows:-

1) The State Government have to identify all land holdings by the British individuals and companies prior to independence in Kerala and to verify the ownership of lands, post independence in terms of any title conferred on the land holders by the Government of Kerala.

209

2) If no title has been conferred on the present occupiers by the State of Kerala or the Central Government, action has to be taken as provided under law and the Government also to take possession of the land illegally possessed by the above persons.

3) The State Police Chief is directed to instruct the officers under him to taken action under the Land Conservancy Act against illegal occupiers of the Government land and also against officers who assisted in making false records, documents etc and other action as he may think fit.

4) These recommendations will be given to the Chief Secretary, Government of Kerala, Secretary, Land Revenue Department, Kerala Government and State Police Chief, Thiruvananthapuram immediately.

5) The action taken by these shall be reported to the Commission within one month as per rules.

3) As per letter read as 4th paper above, District Collector, Idukki has requested to consider the possibility of appointing Sri.M.G.Rajamanickam IAS, as a special officer in the case related to Travancore Rubber & Tea company, since the issues connected with the instant case are some what similar to the issues connected with land under the possession of M/s.Harrisons Malayalam Limited.

4) Government have filed the Counter Affidavit before the Hon'ble High Court in WP(C)19214/15, WP(C)26230/15, to the effect that the lands held by the Writ petitioner are Government lands unauthorisedly occupied. In the light of the above, the Government have decided to initiate action under the Land Conservancy Act to resume lands in the unauthorised occupation of M/s.Travancore Rubber & Tea company and all other associate companies in which the Directors and their family members are stakeholders or any of their transferees or persons presently in occupation of such lands to proceed with.

5) Government have examined the matter in detail and are pleased to appoint Sri.M.G.Rajamanickam, IAS as Special Officer & Collector. Government Land Resumption, in exercise of powers conferred by Section 15 of the Kerala Land Conservancy Act 1957 (Act 8 of 1958) to exercise all the powers conferred on a Collector under the said Act in addition to his normal duties except the power of hearing appeals under Section 16 of the

Act in respect of lands held by Travancore Rubber & Tea Company and their associate companies and transferees and persons presently in occupation of such lands. He is also empowered to identify all land holdings by the British individuals and companies prior to independence in Kerala and to verify the ownership of lands, post independence in terms of any title conferred on the land holders by the Government of Kerala. If no title has been conferred on the present occupiers by the State of Kerala or the Central Government, action shall be taken as provided under law and to resume the land illegally possessed by such persons.

**(By Order of the Governor)**

**Dr.Vishwas Mehta**
**Principal Secretary to Government**

To

1) The Commissioner, Land Revenue, Thiruvananthapuram.
2) The State Human Rights Commission, Thiruvananthapuram (with C/L)
3) Sri.M.G.Rajamanickam IAS, State Special Officer & Collector, Government Land Resumption, State Special Office, Public Office Building, Museum Junction, Thiruvananthapuram.
4) The Advocate General, Ernakulam (with C/L)
5) Smt.Susheela R Bhatt, Special Government Pleader (Revenue), O/o.Advocate General, Ernakulam.
6) The Assistant Commissioner (LA), Land Revenue Commissionerate, Thiruvananthapuram.
7) The Director, Survey & Land Records.
8) The Secretary, Land Board, Thiruvananthapuram.
9) The District Collector, Thiruvananthapuram, Kollam, Pathanamthitta, Alappuzha, Kottayam, Idukki, Ernakulam, Thrissur, Palakkad, Malappuram, Kozhikode, Wayanad, Kannur, Kasargod.
10) The Accountant General (A&E/Audit), Kerala, Thiruvananthapuram.
11) The General Administration Special (A) Department.
12) Finance Department
13) Information & Public Relations (Web & New media) Department
14) Stock File/Office Copy.

**Forwarded/ by Order**

**Section Officer**

Detailsof title cases filed by Govt. against HML and others as on: 30 Sep 21

| Sl No | Tiltle case Number | Defendents | Area of Estate | District / taluk | Court Name / Remarks |
|---|---|---|---|---|---|
| 1 | OS 72 /2019 Dec 19 & IA 07/2020 jun 20 | Ayana Charitable Trust (Former Gospel for Asia) known as Cheruvally Estate & HML as 2nd defendent | 2263.80 Acres | Kottayam/ Kanjirapally & Mallappally | Sub-Court Palai / Pending |
| 2 | OS10/2020 Jun 2020 | Riya Resorts & Properties Pvt Ltd & HML as 2nd defendent | 206.51 Acres | Kollam / Punaloor | Sub-Court Punaloor /Pending |
| 3 | OS 47/2020 Jul 2020 | M/s Harrison Malayalam Limited and 6 others | 9293.74 Acres | Pathanamthita /Konni & Ranni | Sub-Court Pathanamthitta / Pending |
| 4 | OS 56/2020 Dec2020 | Travancore Rubber & Tea Co Ltd | 7373.67 | Idukki and Kottayam District– Peermade & Kanjirapally | Sub-Court Kattappana / Pending |
| 5 | OS 12/2021 Jan 2021 | M/s Harrison Malayalam | 7588.83 Acres | Kollam / Punaloor | Sub-Court Punaloor /Pending |
| 6 | OS 02/2021 Feb 2021 | Travancore Rubber & Tea Co Ltd | 2699.95 Acres | Kollam / Punaloor | Sub-Court Punaloor /Pending |

Total = 29426.50 Acres

സെക്ഷൻ ഓഫീസർ

അനുബന്ധം - 4

**കേരള സർക്കാർ**

സംഗ്രഹം

ഭൂസംരക്ഷണം- ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനായി, ബഹു.ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, സർക്കാർ, സിവിൽ കോടതിയിൽ കേസുകൾ ഫയൽ ചെയ്യുന്നതിനും നിബന്ധനകൾക്കു വിധേയമായി കരം സ്വീകരിക്കുന്നതിനും റിപ്ലാന്റേഷനുവേണ്ടി പ്രായംചെന്ന റബ്ബർ മരങ്ങൾ മുറിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

റവന്യൂ(എ) വകുപ്പ്

സ.ഉ.(കൈ) നം.172/2019/റവ. തീയതി, തിരുവനന്തപുരം, 06/06/2019.

==================================================================

പരാമർശം:-

1. ഹാരിസൺസ് മലയാളം ലിമിറ്റഡ് ഭൂമി സംബന്ധിച്ച് അന്വേഷണം നടത്തിയ ഉന്നതാധികാരി സമിതിയുടെ 27.9.2007-ലെ റിപ്പോർട്ട്.
2. ഉന്നതാധികാരി സമിതിയുടെ റിപ്പോർട്ടിൻമേൽ റിട്ട. ഹൈക്കോടതി ജസ്റ്റിസ് ശ്രീ.എൽ. മനോഹരൻ 27.6.2008 ൽ നൽകിയ നിയമോപദേശം.
3. 10.9.2009 ലെ ജി.ഒ(ആർ.റ്റി) 3197/2009/ആർ.ഡി നമ്പർ ഉത്തരവ് മുഖേന രൂപീകരിച്ച സ്പെഷ്യൽ ടീം 06.01.2010 ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്
4. 28.2.2013 ലെ ഡബ്ല്യു പി(സി) -14251/2012, 213/2013 എന്നീ കേസുകളിലെ വിധിന്യായം
5. 25.4.2013 ലെ ജി.ഒ(എം.എസ്സ്) 161/2013/ആർ.ഡി നമ്പർ ഉത്തരവ്
6. 3.12.2014 ലെഡബ്ല്യു.പി(സി)-30955/2013,01.06.2015 ലെഡബ്ല്യു.എ 586/2015 നമ്പർ കേസുകളിലെ വിധിന്യായം.
7. 19.12.2014 –ലെ സ.ഉ.(സാ.ധാ) 6359/2014/റവ നമ്പർ ഉത്തരവ്
8. 30.12.2015 ലെ ജി.ഒ(എം.എസ്) 703/2015/ആർ.ഡി നമ്പർ ഉത്തരവ്
9. സ്പെഷ്യൽ ഓഫീസർ & കളക്ടർ 4.6.2016 ൽ സമർപ്പിച്ച റിപ്പോർട്ട്
10. 25.10.2016 ലെ ഡബ്ല്യു.പി.(സി)-10640/15 നമ്പർ കേസിലെ ഐ.എ - 10695/16,10697/16 എന്നിവയിലെ വിധിന്യായം

11. ഡബ്ല്യുപി(സി)-33122/14, 7711 /13, 5510/15, 10320/15, 10640/15, 10962/15, 11598/15, 8437/16,5545/17 എന്നീ കേസുകളിലെ ഡിവിഷൻ ബെഞ്ചിന്റെ 11.04.2018 ലെ വിധിന്യായം.

12. എസ്.എൽ.പി (സി) 24028/18 മുതൽ 24035/18 വരെയുള്ള അപ്പീലുകളിലെ 17.09.2018 ലെ വിധിന്യായം.

13. 14.9.2018 ലെ ഡബ്ല്യു പി.(സി) 29182/15, 29283/15, 10014/16, എന്നീ കേസുകളിലെ വിധിന്യായം.

14. 30.10.2018 ലെ ഡബ്യു.പി (സി)-38958/2015, 7241/18, 16876/18 എന്നീ കേസുകളിലെ വിധിന്യായം.

15. 07.11.2018-ലെ ഡബ്ല്യു പി.(സി) 26798/16, 33519/16,40002/16, 40973/16, 11275/17, 12968/17, 18023/17 എന്നീ കേസുകളിലെ വിധിന്യായം.

## ഉത്തരവ്

സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ, കൊച്ചി ഭരണാധികാരികൾ വിദേശ കമ്പനികൾക്കും പൗരൻമാർക്കും, തദ്ദേശീയർക്കും കർശന വ്യവസ്ഥകളോടെ പാട്ടമായും, ഗ്രാന്റായും നൽകിയ ഭൂമിയിലും, സ്വകാര്യ പാട്ട ഭൂമിയിലും യാതൊരുവിധ ഉടമസ്ഥതയും സ്ഥാപിക്കാതെ 1984 ൽ നിലവിൽ വന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് 1985, 2004, 2005 വർഷങ്ങളിൽ ആയിരക്കണക്കിനേക്കർ ഭൂമി വൻകിടക്കാർക്ക് വിൽപ്പന നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. തുടർന്ന് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ഉന്നതാധികാര സമിതി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി ഹാരിസൺസ് കമ്പനിയും, അവരിൽ നിന്നും ഭൂമി നേടിയവരും കൂടി 76,769.80 ഏക്കർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. ഉന്നതാധികാര സമിതിയുടെ ശുപാർശകൾ പരിശോധിച്ച് സർക്കാരിന് നിയമോപദേശം നൽകുന്നതിനായി ചുമതലപ്പെടുത്തിയ കമ്മീഷൻ, ഭൂപരിഷ്കരണ നിയമം, സർക്കാർ ഉടമ്പടികളിലെ വ്യവസ്ഥകൾ എന്നിവ ലംഘിച്ച് അനധികൃതമായി ഹാരിസൺ കമ്പനിയും മറ്റുള്ളവരും യാതൊരുവിധ ഉടമസ്ഥതയും കൂടാതെ സർക്കാർ ഭൂമി കയ്യേറിയിട്ടുണ്ടെന്ന ഉന്നതാധികാര സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാമെന്ന് സർക്കാരിന് നിയമോപദേശം നൽകുകയുണ്ടായി.

3. ഹാരിസൺ കമ്പനിയുടേയും അവരിൽ നിന്ന് ഭൂമി നേടിയ മറ്റുള്ളവരുടെയും കൈവശരേഖകളും, റവന്യു രേഖകളും പരിശോധിക്കുന്നതിനു ചുമതലപ്പെടുത്തിയ സ്പെഷ്യൽ ടീം സമർപ്പിച്ച റിപ്പോർട്ടിൽ, റവന്യു രേഖകളിൽ വൻതോതിൽ കൃത്രിമം നടത്തിയിട്ടുള്ളതായും, കേരള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി അനധികൃതമായി ടി കമ്പനിയും, മറ്റുള്ളവരും കൈവശംവയ്ക്കുന്നതായും മറ്റ് ഇംഗ്ലീഷ് കമ്പനികളുടെയും, പൗരൻമാരുടെയും പേരുകളിൽ തണ്ടപ്പേർ പിടിച്ച് നിലവിലെ കമ്പനികൾ ഭൂനികുതി ഒടുക്കു വരുത്തുന്നതായും കണ്ടെത്തി റിപ്പോർട്ടു ചെയ്യുകയുണ്ടായി.

4. ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽ നിന്നും ഭൂമി നേടിയവരായ മറ്റ് കയ്യേറ്റക്കാരിൽ നിന്നും സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി 1957 ലെ കേരള ഭൂസംരക്ഷണ

നിയമ പ്രകാരം സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുന്നില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത റിട്ട് ഹർജികൾ തീർപ്പാക്കിയ പരാമർശം 4 ലെ വിധിന്യായത്തിൽ, 1963 ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം താലൂക്ക് ലാൻഡ് ബോർഡുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൈവശ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കലല്ലെന്ന് നിരീക്ഷിക്കുകയും, ഹാരിസൺ കമ്പനിയും മറ്റുള്ളവരും കൈവശം വയ്ക്കുന്ന ഭൂമി സർക്കാർ ഭൂമിയാണെന്നുള്ള വാദത്തിൽ സർക്കാർ ഉറച്ചു നിൽക്കുകയും ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനായി അധികാരപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും നിയമാനുസരണം നോട്ടീസ് നൽകി ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കുവാൻ നിശ്ചയിക്കുകയും ചെയ്താൽ അപ്രകാരമുള്ള നിയമാനുസൃതമായ നടപടിയുമായി മുൻപോട്ട് പോകാവുന്നതാണെന്ന് നിർദ്ദേശിക്കയുണ്ടായി.

5.സംസ്ഥാനത്ത് 8 ജില്ലകളിൽ ഹാരിസൺ മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഈ നിയമത്തിലെ സെക്ഷൻ 15 ൽ അനുശാസിക്കുന്ന കളക്ടറുടെ അധികാരങ്ങൾ നൽകി സ്പെഷ്യൽ ഓഫീസറെ പരാമർശം 5 ലെ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി.

6.കമ്പനികൾ ഹാജരാക്കിയ രേഖകൾ ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ പര്യാപ്തമല്ലാതിരുന്നതിനാലും രേഖകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനാലും പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈമാറുകയും വിൽക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഹാരിസൺ മലയാളം ലിമിറ്റഡും മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് കെ.എൽ.സി ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

7. ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശത്തിലുള്ളതും മറ്റുള്ളവർക്ക് കൈമാറിയതുമായ ഭൂമി സംബന്ധിച്ച് വിവിധ കേസുകൾ നിലനിന്നിരുന്നതിനാൽ തോട്ടങ്ങളിലെ മരങ്ങൾ സർക്കാരിന്റെ അനുവാദം കൂടാതെ മുറിച്ച് മാറ്റുന്നത് പരാമർശം 7 ലെ ഉത്തരവ് പ്രകാരം നിരോധിച്ചിരുന്നു.

8. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺ മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ഫയൽ ചെയ്ത വിവിധ റിട്ട് പെറ്റീഷനുകൾ തീർപ്പാക്കികൊണ്ട് പുറപ്പെടുവിച്ച പരാമർശം 11 ലെ വിധിന്യായത്തിൽ കെ.എൽ.സി ആക്ട് പ്രകാരം നിയോഗിക്കപ്പെട്ട സ്പെഷ്യൽ ഓഫീസർക്ക് കേസുകൾക്ക് ആധാരമായ ഭൂമിയിലെ കൈവശക്കാർ ഹാജരാക്കിയ രേഖകളും, റവന്യൂ രേഖകളും ഒറ്റയടിക്ക് റദ്ദ് ചെയ്ത് ഭൂമി സർക്കാരിന്റേതാണെന്ന് സ്ഥാപിക്കുന്നതിനുള്ള അധികാരമില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട്. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദ് ചെയ്യുകയുണ്ടായി. ഭൂമിയിൽ തങ്ങൾക്കുള്ള ഉടമസ്ഥത പ്രഖ്യാപിക്കുവാൻ പരാതിക്കാർ ബഹു.ഹൈക്കോടതിയോട് അഭ്യർത്ഥിച്ചുവെങ്കിലും, ഭരണഘടനയുടെ ആർട്ടിക്കിൾ 226 പ്രകാരം ഫയൽ ചെയ്ത റിട്ടുകളിൽ ഭൂമിയുടെ ഉടമസ്ഥത നിശ്ചയിക്കുന്നതിനുള്ള അധികാരം നിലവിലെ കേസുകളിൽ കോടതിക്കില്ലെന്നും, സ്പെഷ്യൽ ഓഫീസറുടെ അധികാരം മാത്രമാണ് കോടതി പരിശോധിക്കുന്നതെന്നും ഉടമസ്ഥാവകാശം തെളിയിക്കേണ്ടത് സിവിൽ കോടതിയിലാണെന്നതിനാൽ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥതയും, അവകാശവും സ്ഥാപിക്കുന്നതിനായി സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാമെന്നും നിർദ്ദേശിക്കുകയുണ്ടായി.

9. ടി വിധിക്കെതിരെ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ 17.09.2018-ൽ വിശദമായ വാദം കേൾക്കാതെ തന്നെ ബഹു. സുപ്രീംകോടതി തള്ളുകയുണ്ടായി. 11.4.2018 ലെ വിധിന്യായത്തെതുടർന്ന്, തോട്ടം ഉടമകൾ കരം അടച്ചുകിട്ടുന്നതിനായി ഫയൽ ചെയ്തിരുന്ന പരാമർശം 13 മുതൽ 15 വരെയുള്ള വിവിധ കേസുകളിൽ ബഹു. ഡിവിഷൻ ബഞ്ചിന്റെ വിധിയെ അടിസ്ഥാനമാക്കി സർക്കാർ, ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്നതിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും പ്രസ്തുത കേസിലെ അഡ്ജുഡിക്കേഷനു വിധേയമായി കരം സ്വീകരിക്കണമെന്നുമുള്ള വിധികളാണ് ബഹു.ഹൈക്കോടതി സിംഗിൾ ബഞ്ചുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

10 സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. ഹാരിസൺ മലയാളം ലിമിറ്റഡോ അവരിൽ നിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയുടെയും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിനും അതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകുന്നു.

II. ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽ നിന്നു ഭൂമിനേടിയ മറ്റുള്ളവരുടെയും മറ്റു സമാന കമ്പനികളുടെയും കേസുകളിലെ ബഹു.ഹൈക്കോടതി വിധികളുടെ പശ്ചാത്തലത്തിൽ. റവന്യൂ ഉദ്യോഗസ്ഥൻമാർക്കും വില്ലേജ് ഓഫീസർമാർക്കും കേരള ലാന്റ് ടാക്സ് ആക്റ്റ് പ്രകാരം "ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ വിധിക്കു വിധേയം" എന്ന വ്യവസ്ഥയോടെ ഭൂമിയുടെ കരം സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

III. റീപ്ലാന്റ് ചെയ്യുന്നതിനായി പ്രായംചെന്ന റബ്ബർ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നു.

11. ബന്ധപ്പെട്ട ജില്ലാകളക്ടർമാർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
3. സെക്രട്ടറി ലാന്റ് ബോർഡ്, തിരുവനന്തപുരം
4. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്രൊട്ടക്ഷൻ), തിരുവനന്തപുരം.
5. ഡയറക്ടർ, സർവ്വേ & ലാന്റ് റെക്കോർഡ്സ്, തിരുവനന്തപുരം
6. ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, ഓഫീസ് ഓഫ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, വഞ്ചിയൂർ, തിരുവനന്തപുരം.

7. സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ &കളക്ടർ, ഗവ. ലാൻഡ് റിസംപ്ഷൻ ഓഫീസ്, തിരുവനന്തപുരം

8. ജില്ലാ കളക്ടർ, തിരുവനന്തപുരം / കൊല്ലം / പത്തനംതിട്ട /ആലപ്പുഴ / കോട്ടയം /ഇടുക്കി. എറണാകുളം / തൃശ്ശൂർ / പാലക്കാട് / മലപ്പുറം / കോഴിക്കോട് / വയനാട് /കണ്ണൂർ / കാസറഗോഡ്

9. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.

10. നിയമ വകുപ്പ് (29.01.2019 ലെ No. 10/LS/2019/Law- കുറിപ്പ് ഫയൽ പ്രകാരം)

11. പൊതുഭരണ (എസ്.സി) വകുപ്പ് (29.05.19 ലെ മന്ത്രിസഭായോഗ നടപടിക്കുറിപ്പ് ഇനം.3049 പ്രകാരം)

12. ധനകാര്യ വകുപ്പ് /ആഭ്യന്തര വകുപ്പ്/ വനം വകുപ്പ്/ നികുതി വകുപ്പ്/ ഗതാഗത വകുപ്പ്

13. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

14. റവന്യൂ (എ, ബി, സി, ഡി, ഇ, എഫ്, ജി, എൽ, എൻ, പി, യു) സെക്ഷനുകൾ

15. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (69231/എ 1/14/റവ)
e-file-3/A1/19/RD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ